പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3784 21.6.2018 ലെ മറുപടിക്ക്

**കയർ പിരി സംഘങ്ങളുടെ വായ്പ എഴുതിത്തള്ളുമെന്ന പ്രഖ്യാപനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അട്ടൂർ പ്രകാശ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം കയർ പിരി സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സമൂലമായ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) ഉണ്ട്.കേരളത്തിലെ കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളിയായ ചകിരിയുടെ അഭാവം പരിഹരിക്കുന്നതിനായി വരുന്ന മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പുതിയ 1000 ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പാക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിന് രണ്ടാം പുനസംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുന:സംഘടന നടപ്പിലാക്കുന്നത്.<br><br>കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കാനായി ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കയർപിരി |

| | |
|---|---|
| | സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രവർത്തനമൂലധനം ലഭ്യമാക്കുന്ന കയർ കോഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം, സംഘം ജീവനക്കാർക്ക് ശമ്പളത്തിന്റെ ഒരു വിഹിതം സർക്കാർ നൽകുന്ന മാനേജീരിയൽ സബ്സിഡി സ്കീം എന്നിവ നടപ്പിലാക്കുന്നു. മുൻകാലങ്ങളിൽ അനുവദിച്ചതും വിനിയോഗിക്കാതെ കിടക്കുന്നതുമായ ഫണ്ട് പ്രവർത്തനമൂലധനമായും സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക തീർക്കുന്നതിനുമായി വിനിയോഗിക്കുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>കയർ വ്യവസായ മേഖലയെ ആധുനികവത്ക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു. കയർ സംഭരണം,കയർ വിപണനം എന്നിവയിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) ദുർബലമായ സംഘങ്ങളെ സംയോജിപ്പിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുവാൻ കഴിയാത്തവയെ നിർത്തൽ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി ദുർബലമായ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും, കൂട്ടിച്ചേർക്കാവുന്നവയെ ചേർത്തും പുരോഗതിയിലേക്ക് നയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) പ്രസ്തുത സംഘങ്ങളുടെ വായ്പ എഴുതിത്തള്ളുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് ഇപ്രകാരം എഴുതിത്തള്ളിയത്; | സി) നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) കയർമേഖലയിൽ മിനിമം കൂലിയും വിലയും ഉറപ്പാക്കി സംഭരണം നടത്തുവാൻ പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമൂലമുണ്ടായ നേട്ടം എന്താണ്; | ഡി) ഉണ്ട്. കയർ ഉൽപ്പന്നങ്ങൾ ന്യായമായ വില നൽകി സംഭരണം നടത്തുന്നതിന് സഹായകമാകുന്ന പി.പി.എസ്.എസ്. പദ്ധതി നടപ്പാക്കുന്നു. ടി പദ്ധതി നടത്തിപ്പിനായി 2018-19 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.കയർ സംഭരണത്തിൽ 25.33 ശതമാനത്തിന്റെയും വിപണനത്തിൽ 60.25 ശതമാനത്തിന്റെയും വർദ്ധനവ് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.കയർ ഉൽപന്ന സംഭരണത്തിലും ഗണ്യമായ വർദ്ധനവ് കൈവരിച്ചിട്ടുണ്ട്. |
| ഇ) കയർ കയറ്റുമതിക്കാർക്കും ആഭ്യന്തര വില്പനക്കാർക്കും കയർ ഉല്പന്നങ്ങൾ വിൽക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കുന്ന പദ്ധതി | ഇ) കയർ സഹകരണ സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയറും ചെറുകിട ഉൽപ്പാദക സംഘങ്ങളും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളും ഉൽപ്പാദിപ്പിക്കുന്ന കയർ |

| | |
|---|---|
| പ്രാവർത്തികമാക്കിയിട്ടുണ്ടോ? | ഉൽപ്പന്നങ്ങളും യഥാക്രമം കയർഫെഡും കയർ കോർപ്പറേഷനും ന്യായവില നൽകി സംഭരിക്കുന്നു. ഇവ ആഭ്യന്തര വിൽപ്പനക്കാർക്കും കയറ്റുമതിക്കാർക്കും വിൽക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം നികത്തി നൽകുന്നതിനായി പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീം നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

ബി)